**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1037 12.03.2015 -ലെ മറുപടിയ്ക്ക്

# റൂസ

<u>ചോദ്യം</u>

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

,, എം.എ. വാഹീദ്

,, ലൂഡി ലൂയിസ്

,, എം.പി.വിൻസെൻറ്

<u>ഉത്തരം</u>

ശ്രീ. പി.കെ. അബ്ദു റബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റൂസ (RUSA) നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br>റൂസ പദ്ധതി നടപ്പാക്കാമെന്നും ഇതിനാവശ്യമായ ഉപാധികൾ നിറവേറ്റികൊള്ളാമെന്നും റൂസ മിഷൻ അതോറിറ്റിയുടെയും പ്രോജക്ട് അപ്രൂവൽ ബോർഡിന്റെയും തീരുമാനങ്ങൾ പാലിച്ചുകൊള്ളാമെന്നും ഉറപ്പ് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ലക്ഷ്യങ്ങൾ, നടത്തിപ്പിന്റെ കേന്ദ്ര സംസ്ഥാന വിഹിതം ഇവ വിശദമാക്കുമോ ? | (ബി) | ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതും ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) നിലവിലുള്ള 19.4 % ത്തിൽ നിന്നും XIII-ാം പദ്ധതിയുടെ അവസാനം 32% ആക്കി ഉയർത്തുന്നതും ലക്ഷ്യമിട്ട് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് "രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (RUSA)". XII, XIII പദ്ധതി കാലയളവിലേക്കാണ് റൂസ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതു സംബന്ധിച്ച് സമ്മതപത്രം കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. റൂസ ധനസഹായത്തിനുള്ള ദീർഘകാല പദ്ധതി / വാർഷിക പദ്ധതി തയ്യാറാക്കേണ്ടത് ഉന്നത വിദ്യാഭ്യാസ കൗൺസിലാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വന്തം സ്ഥാപനത്തിന്റെ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ തയ്യാറാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിലിന് സമർപ്പിക്കണം. ഈ പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ സഹായിക്കുന്നതിന് ടെക്ക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിക്കണം. സംസ്ഥാനത്ത് ഈ ടെക്കിനിക്കൽ ഗ്രൂപ്പിനെ സഹായിക്കുന്നതിന് സയൻസ്, കോമേഴ്സ് & മാനേജ്മെന്റ്, ആർട്സ് & സോഷ്യൽ സയൻസ്, എഞ്ചിനീയറിംഗ്, ലൈബ്രറിസയൻസ് എന്നീ വിഷയങ്ങളിലായി വിദഗ്ദരുടെ പാനലിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി സംസ്ഥാന തലത്തിൽ നിരീക്ഷിക്കുന്നതും വിലയിരുത്തുന്നതും സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റ് ആയിരിക്കും. പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 65:35 അനുപാതത്തിലായിരിക്കും. സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിന് നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കേണ്ടതും 50% തുല്യ വിഹിതം വഹിക്കേണ്ടതുമാണ്. റൂസയുടെ ഉന്നത വിദ്യഭ്യാസ പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി, കേന്ദ്ര ഗവൺമെന്റ് വിഹിതത്തിന്റെ 50% ആയ 2.60 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. റൂസയ്ക്ക് വേണ്ടി കാനറാബാങ്കിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെയും ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയുടെയും പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. കേന്ദ്രം റിലീസ് ചെയ്ത തുക സംസ്ഥാന വിഹിതത്തോടൊപ്പം ഈ അക്കൗണ്ടിലേക്ക് മാറ്റേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ